**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.284          28.10.2019 ൽ മറുപടിക്ക്

## ചാലക്കുടി താലൂക്ക് ആശുപത്രിയിൽ കൂടുതൽ സൗകര്യങ്ങൾ

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ട്രോമ കെയർ, സർജിക്കൽ വാർഡ്, മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (എ) | 08.11.2018 ലെ ജി.ഒ. (ആർ.റ്റി) നം.3345/2018 ആ.കു.വ പ്രകാരം 535 ലക്ഷം രൂപയുടെ ട്രോമാകെയർ, സർജിക്കൽ വാർഡ് എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പുതുക്കിയ സ്കെച്ച്, ഡിസൈൻ എന്നിവ സാങ്കേതിക അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. 12.07.2018 ലെ സർക്കാർ ഉത്തരവ് നം . 2240/2018/ആ.കു.വ. പ്രകാരം ചാലക്കുടി താലൂക്ക് ആശുപത്രിയിൽ മലിനജല സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിന് 74 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ തുക ഇതിന്റെ പ്രവർത്തികൾക്കായി നാഷണൽ ഹെൽത്ത് മിഷൻ, തിരുവനന്തപുരത്തിന് കൈമാറി നൽകിയിട്ടുണ്ട്. ഇപ്പോൾ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗിന്റെ നേതൃത്വത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | ഇവ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | ട്രോമാകെയർ, സർജിക്കൽ വാർഡ്, മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Hari
സെക്ഷൻ ഓഫീസർ